വാടക നിയന്ത്രണ നിയമം നടപ്പാക്കിയ പഞ്ചായത്തുകൾ

1142 [2075] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ വാടക നിയന്ത്രണ നിയമം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) എത്ര പഞ്ചായത്തുകളിൽ ഇനി നടപ്പിലാക്കുവാനുണ്ട്;

(സി) സംസ്ഥാനമൊട്ടുക്കുമുള്ള പഞ്ചായത്തുകളിൽ വാടക നിയന്ത്രണ നിയമം ഈ വർഷംതന്നെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 161 പഞ്ചായത്തുകളിൽ.

(ബി) 840 പഞ്ചായത്തുകളിൽ.

(സി) വാടക നിയന്ത്രണ നിയമം ഏർപ്പെടുത്തണമെന്ന് അതാതു പഞ്ചായത്തുകൾ തീരുമാനമെടുത്ത് ആവശ്യപ്പെടുന്ന മുറയ്ക്ക്, പഞ്ചായത്തിലെ നിലവിലുള്ള വാടക നിരക്ക്, വാടകക്കെട്ടിടങ്ങളുടെ ലഭ്യതാ, പഞ്ചായത്തിന്റെ നാഗരിക സ്വഭാവം, വന്നുപോയിക്കൊണ്ടിരിക്കുന്ന ജനസംഖ്യ മുതലായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഓരോ പഞ്ചായത്തിന്റെ കാര്യത്തിലും പ്രത്യേകം തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

ടൗൺ പഞ്ചായത്തുകൾ

1143 [2076] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മുനിസിപ്പാലിറ്റിക്ക് താഴെയുള്ള പഞ്ചായത്തുകളെ ടൗൺ പഞ്ചായത്തുകളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കുവാൻ നിവൃത്തിയില്ല.

അഗളി പഞ്ചായത്ത്

1144 [2078] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗളി പഞ്ചായത്തിന്റെ വിസ്തീർണ്ണമെത്രയാണ്;

(ബി) ഇവിടെ എത്ര ബിൽ കളക്ടർമാരുടെ തസ്തികകൾ ഉണ്ട്;

(സി) ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പഞ്ചായത്തിന് 15–6–1986 വരെ എത്ര രൂപ വിവിധ ഇനങ്ങളിലായി പിരിഞ്ഞ് കിട്ടാനുണ്ട്; ഇതിന്റെ ഇനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly